# Mathrubhumi

## 22 August 2018

## Flood, Vehicle Insurance



# വെള്ളപ്പൊക്കവും വാഹന ഇൻഷുറൻസും

- എൻജിൻ സ്റ്റാർട്ടാക്കരുത്
- മുങ്ങിയ നിലയിലുള്ള ചിത്രങ്ങൾ പകർത്താം

### ഏതൊക്കെ വാഹനങ്ങൾക്ക്

- വാഹനങ്ങളുടെ ഇൻഷുറൻസ് പോളിസിയിൽ വെള്ളപ്പൊക്കം ഉൾപ്പെടുത്തിയിട്ടുണ്ടാകണം.
- ഓടിക്കുന്നതിനിടയിൽ വെള്ളത്തിൽ നിൽക്കുകയോ വെള്ളം കയറിയശേഷം സ്റ്റാർട്ടാക്കുകയോ ചെയ്യുന്ന വാഹനങ്ങൾക്ക് പരിരക്ഷ ലഭിക്കില്ല. വെള്ളത്തിൽവെച്ച് സ്റ്റാർട്ടാക്കിയാൽ എൻജിനിൽ വെള്ളം കയറി കേടാകുന്നതിനാലാണിത്.
- വെള്ളപ്പൊക്കത്തിൽപ്പെട്ട കാർ സ്റ്റാർട്ടാക്കാതെ കെട്ടിവലിച്ച് അംഗീകൃത വർക്ക് ഷോപ്പിലെത്തിച്ച് ഇൻഷുറൻസ് കമ്പനിയെ അറിക്കണം. കമ്പനിയുടെ സർവെയറെത്തി വാഹനം പരിശോധിച്ച് ക്ലെയിം നൽകും.
- സ്റ്റാർട്ടാക്കാതെ വാഹനത്തിന്റെ ഏതു ഭാഗത്ത് വെള്ളം കയറിയാലും ക്ലെയിം ലഭിക്കും.
- ചില ഇൻഷുറൻസ് കമ്പനികൾ എൻജിനും പോളിസിയിൽ ഉൾപ്പെടുത്താറുണ്ട്. ഇത്തരം വാഹനങ്ങൾക്ക് സ്റ്റാർട്ടാക്കുന്നതിനിടെ എൻജിനിൽ വെള്ളം കയറിയാലും ക്ലെയിം ലഭിക്കും.
- ഇപ്പോഴത്തെ പ്രളയത്തിൽ തേഡ് പാർട്ടി പ്രീമിയം മാത്രമുണ്ടായിരുന്ന വാഹനങ്ങൾക്ക് നഷ്ടപരിഹാരം കിട്ടില്ല
- പാക്കേജ് പോളിസിയിൽ തീപ്പിടിത്തം, പൊട്ടിത്തെറി, വാഹനം സ്വയം കത്തിനശിക്കൽ, ഇടിമിന്നൽ, മോഷണം, ആക്രമാസക്തമാകുന്ന സമരങ്ങൾ, ഭൂമി കുലുക്കം, ബോധപൂർവം നശിപ്പിക്കൽ, ഉരുൾപൊട്ടൽ, പാറവീഴ്ച, എന്നിവയും പ്രകൃതിക്ഷോഭങ്ങളും ഉൾപ്പെടും. പ്രകൃതി ക്ഷോഭങ്ങളിൽ വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, മഞ്ഞുവീഴ്ച, ഭൂമി കുഴിഞ്ഞ് താഴൽ തുടങ്ങി പലവിധമുണ്ട്. ഓരോന്നിനും വാഹനവിലയുടെ നിശ്ചിത ശതമാനം തുക കണക്കാക്കിയാണ് പ്രീമിയം. ചില കമ്പനികൾ ഇവയിൽ ചിലത് ഒഴിവാക്കി പ്രീമിയം കുറയ്ക്കാറുണ്ട്. വെള്ളപ്പൊക്ക സാധ്യത കുറവുള്ള സ്ഥലങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ പ്രീമിയം ഒഴിവാക്കുന്ന പതിവുണ്ട്. അങ്ങനെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ നഷ്ടപരിഹാരം കിട്ടില്ല.
- ഇരുചക്രവാഹനങ്ങൾക്ക് സർവേയും മറ്റു നടപടികളുമില്ലാതെ 3000 രൂപ വരെ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.
- വെള്ളപ്പൊക്കത്തിനിടെ വാഹനാപകടത്തിൽപ്പെട്ട് മരിച്ചവർക്കുള്ള നഷ്ടപരിഹാര നടപടികളിൽ ഇളവു നൽകി അതിവേഗം നൽകാൻ തീരുമാനമായി.
- ഇൻഷുറൻസ് കമ്പനിയുടെ വെബ്സൈറ്റിൽ പോളിസി നമ്പർ നൽകിയാൽ വാഹനത്തിന് ഏതൊക്കെ തരത്തിലെ നാശങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുമെന്നറിയാം. പോളിസി സർട്ടിഫിക്കറ്റിനൊപ്പം വ്യവസ്ഥകളും നിബന്ധനകളും ഉൾപ്പെടുത്തിയ നോട്ടീസ് കിട്ടും. ഇതു പരിശോധിച്ചാലും മതി.